Draft #3 of File 102530/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Dec-2023 11:43 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

പി.എച്.ഡി പ്രോഗ്രാം - എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഗവേഷകർ, അടച്ചു പൂട്ടുവാൻ പോകുന്ന സ്വാശ്രയ കോളേജുകളിലെ ഗവേഷകർ, Retired/Adjunct/Deputation/Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മാർഗദർശികളുടെ കീഴിൽ ഗവേഷണം നടത്തുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട എല്ലാ ഭാഗിക സമയ ഗവേഷകർക്കും 8 വർഷത്തെ സ്വാഭാവിക ഗവേഷണ കാലയളവും, അതിനു ശേഷം ഒരു വർഷം വീതമുള്ള മൂന്നു ദീർഘിപ്പിക്കലുകളും, ആറ് മാസം വീതമുള്ള മൂന്നു ഗ്രേസ് പീരിയഡുകളും അനുവദിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 12369/AC A 10/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.12.2023

---

*പരാമർശം:*-(1) സർവകലാശാല ഉത്തരവ് നമ്പർ 3598/AC A10/2019/MGU തീയതി 27.07.2019
(2) സർവകലാശാല ഉത്തരവ് നമ്പർ 3159/AC A10/2020/MGU തീയതി 13.07.2020
(3) സർവകലാശാല ഉത്തരവ് നമ്പർ 870/ACA 11/2023/MGU തീയതി 20.01.2023
(4) 24.11.2023 തീയതിയിലെ സിൻഡിക്കേറ്റ് യോഗ മിനുട്സ് ഇനം നമ്പർ 96/23.08/102530/AC A10-4/2023

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ 2015 വർഷം വരെ ഗവേഷണത്തിന് രജിസ്റ്റർ ചെയ്യുതും, ഗവേഷണ മാർഗദർശികൾ Retired/Adjunct/Deputational/Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടതുമായ ഗവേഷകരുടെ ഗവേഷണ കാലാവധി 5 വർഷമായി (അല്ലെങ്കിൽ 31.12.2019 വരെ) സൂചന (1) ഉത്തരവു പ്രകാരം പരിമിതപ്പെടുത്തിയിരുന്നു. 2016 അഡ്മിഷൻ മുതൽ പി.എച്ച്.ഡി. പ്രവേശനം നേടിയതും, ഗവേഷണ മാർഗദർശികൾ Retired/Adjunct/Deputational/Transferred വിഭാഗങ്ങളിൽ ഉൾപ്പെട്ടതുമായഗവേഷകരുടെ ഗവേഷണ കാലാവധി 6 വർഷമായി സൂചന (2) ഉത്തരവു പ്രകാരവും പരിമിതപ്പെടുത്തിയിരുന്നു.

എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഗവേഷകരായവർ, അടച്ചു പൂട്ടുവാൻ പോകുന്ന സ്വാശ്രയ കോളേജുകളിൽ ഗവേഷണം നടത്തുന്നവർ, Retired/ Adjunct/ Deputation/ Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മാർഗദർശികളുടെ കീഴിൽ ഗവേഷണം നടത്തുന്നവർ എന്നിവർക്ക്, സാധാരണ ഗവേഷകർക്ക് സ്വാഭാവിക ഗവേഷണ കാലയളവിന് ശേഷം അനുവദനീയമായ, ഒരു വർഷം വീതമുള്ള 03 ദീർഘിപ്പിക്കലുകളും, ആറ് മാസം വീതമുള്ള 03 ഗ്രേസ് പീരിയഡുകളും ബാധകമാക്കി സൂചന (3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം അനുവദനീയമായ കാലയളവ് 2022 യു.ജി.സി റെഗുലേഷൻ സർവകലാശാലയിൽ നടപ്പിൽ വരുന്ന തീയതി വരെ മാത്രം നിലനിൽക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ച വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗവേഷണ മാർഗദർശികളുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്ന ഗവേഷകരുടെ ഗവേഷണ കാലയളവ് ദീർഘിപ്പിക്കുന്ന തീരുമാനങ്ങളിൽ വ്യക്തതക്കായും, സൂചന (2) & (3) ഉത്തരവുകൾ പരിഷ്കരിക്കുന്നതിനായുമുള്ള ശിപാർശകൾ പരിഗണിച്ച 24.11.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, "**എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഗവേഷകർ, അടച്ചു പൂട്ടുവാൻ പോകുന്ന സ്വാശ്രയ കോളേജുകളിലെ ഗവേഷകർ, Retired/ Adjunct/ Deputation/ Transferred എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മാർഗദർശികളുടെ കീഴിൽ ഗവേഷണം നടത്തുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട എല്ലാ ഭാഗിക സമയ ഗവേഷകർക്കും യഥാക്രമം 8 വർഷത്തെ സ്വാഭാവിക ഗവേഷണ കാലയളവും, അതിനു ശേഷം ഒരു വർഷം വീതമുള്ള 03 ദീർഘിപ്പിക്കലുകളും, ആറ് മാസം വീതമുള്ള 03 ഗ്രേസ് പീരിയഡുകളും അനുവദിക്കുന്നതിന്**", സൂചന (3) മിനുട്സ് പ്രകാരം, തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സെബാസ്റ്റ്യൻ പി ജോസഫ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും / റിസേർച് ഡയറക്ടർ
2. വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ / ഫിനാൻസ് ഓഫീസറുടെ പി. എ. മാർ
3. പി.ആർ.ഓ. സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. AR IV (Acad), DR I (Acad ), JR II (Admn)
5. Ac A II / VI / XI / XIII / XIV / XV സെക്ഷനുകൾ
6. പി & ഡി 2 / റെക്കോർഡ്സ് / എ.സി.സി. I സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ നം. 102530 / ACA10-4/2023/ACA10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 102530/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Dec-2023 11:43 AM - Page 2